ബോർഡും തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവയ്ക്കായി ഏകീകൃത ബോർഡ് രൂപീകരിക്കുക എന്നിവയാണ്. ഈ നിർദ്ദേശങ്ങൾ മിക്കവാറും എല്ലാം നടപ്പാക്കിയിട്ടുണ്ട്. 1-1-1995 മുതൽ പ്രാബല്യം നൽകി വിവിധ തസ്തികകൾക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചു. ശമ്പളം നൽകാൻ മതിയായ സാമ്പത്തികശേഷി ഇല്ലാത്ത ക്ഷേത്രങ്ങളിൽ സഹായമെന്ന നിലയിൽ സർക്കാർ ഒരു ദേവസ്വം മാനേജ്മെന്റ് ഫണ്ട് രൂപീകരിക്കുകയും 1996 മുതൽ നടപ്പു സാമ്പത്തിക വർഷം വരെ ഓരോ വർഷവും ഓരോ കോടി രൂപ വീതം ഗ്രാന്റായി നൽകുകയും ചെയ്തിട്ടുണ്ട്. ആകെ 5 കോടിരൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിനും ക്ഷേമനിധി രൂപീകരിക്കുന്നതിനും 50 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോടതി നിർദ്ദേശത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് പരമാവധി ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. കോടതി നിർദ്ദേശങ്ങളിലെ പ്രധാനപ്പെട്ട ഇനം മലബാറിലെ ദേവസ്വങ്ങൾക്ക് ഒരു മലബാർ ദേവസ്വം ബോർഡും തിരുവിതാംകൂർ-കൊച്ചി-മലബാർ മേഖലകൾക്ക് ഏകീകൃത അപ്പെക്സ് ബോർഡും രൂപീകരിക്കണമെന്നുള്ളതാണ്. ഇതിനായി 1997-ലെ കേരള ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളും എൻഡോവ്മെന്റുകളും ബിൽ നിയമ സഭയിൽ 1997 ഡിസംബറിൽ അവതരിപ്പിച്ചു. സഭ 23-4-1998-ൽ പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കുകയും പൊതുജനാഭിപ്രായം ആരായാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷത്തിൽ കൂടുതൽ അഭിപ്രായങ്ങൾ കിട്ടിയിട്ടുണ്ട്. ബില്ലും അഭിപ്രായങ്ങളും സഭയുടെ പരിഗണനയിലാണ്. ഹൈക്കോടതി നിർദ്ദേശ പ്രകാരം സമയബന്ധിതമായി മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. ദേവസ്വം ബോർഡ് രൂപീകരിക്കാനുള്ള ബിൽ സഭ പാസ്സാക്കാൻ താമസിക്കുന്ന സാഹചര്യത്തിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുവാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 26-2-2001-ൽ ചീഫ് സെക്രട്ടറിയേയും ദേവസ്വം ബോർഡ് സെക്രട്ടറിയേയും കോടതി മുമ്പാകെ വളിച്ചിരുന്നു. കോടതിയുടെ ഇപ്പോഴത്തെ നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിൽ വേണ്ട നടപടികളെടുക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണ് സർക്കാരിനുള്ളത്.

(33) കോട്ടയം ജില്ലയിലെ ചിങ്ങവനം ഇലക്ട്രോ കെമിക്കൽസ് ഫാക്ടറി പൂട്ടിക്കിടക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കോട്ടയം ജില്ലയിലെ ചിങ്ങവനം ഇലക്ട്രോ കെമിക്കൽസ് ഫാക്ടറി അടച്ചുപൂട്ടിയിട്ട് രണ്ടുവർഷം കഴിഞ്ഞു. ഇവിടത്തെ തൊഴിലാളികൾക്ക് വേതനം ലഭിച്ചിട്ട് രണ്ടുവർഷമായി. അവർ ആത്മഹത്യയുടെ വക്കിലാണ്. അടിയന്തിരമായി ഫാക്ടറി തുറപ്പിക്കുകയോ അതിനു കഴിയാതെ വന്നാൽ ഫാക്ടറി ഗവൺമെന്റ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണം. പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് ആയിരം രൂപവച്ച് കൊടുക്കുവാൻ ഗവൺമെന്റ് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഈ ഫാക്ടറിയിലെ 800-ഓളം തൊഴിലാളികൾക്ക് ഈ തുക കിട്ടുന്നില്ല. അടിയന്തിരമായി ഈ തുക അവർക്ക് ലഭ്യമാക്കണം. ഈ ഫാക്ടറി അടിയന്തിരമായി തുറക്കുവാനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്ക് വേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ചിങ്ങവനം ഇലക്ട്രോ കെമിക്കൽസ് ഫാക്ടറി 15-5-1999 മുതൽ അടഞ്ഞുകിടക്കുകയാണ്. 7-1999-ൽ കമ്പനി ലോക്കൗട്ട് ചെയ്യുകയുണ്ടായി. കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടേയും വ്യവസായ വകുപ്പുമന്ത്രിയുടേയും വൈദ്യുതി വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ പലവട്ടം ചർച്ച നടത്തുകയുണ്ടായി. TECIL അഞ്ചുകോടി രൂപയുടെ ഷെയർ പാർട്ടിസിപ്പേഷനുവേണ്ടി കെ.എസ്.ഐ.ഡി.സി.യെ സമീപിക്കുകയുണ്ടായി. എന്നാൽ കമ്പനി ഹൈഡൽ പ്രോജക്ടിനുവേണ്ടി സമർപ്പിച്ച 5388 ലക്ഷം രൂപയിൽ 1677 ലക്ഷം രൂപ മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിച്ച സാഹചര്യത്തിൽ കെ.എസ്.ഐ.ഡി.സി. തുക അനുവദിച്ചില്ല. ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2-1-2000-ൽ ഒരു യോഗം വിളിക്കുകയുണ്ടായി. കമ്പനി തുറന്നുപ്രവർത്തിക്കുന്നതിനും വൈദ്യുത പദ്ധതി പൂർത്തീകരിക്കുന്നതിനുമായി അഞ്ചുകോടി രൂപ ഓഹരി മൂലധനമായി സർക്കാർ അനുവദിക്കണമെന്ന് TECIL ആവശ്യപ്പെടുകയുണ്ടായി. കമ്പനിക്ക് മുൻപ് അനുവദിച്ച ഫണ്ട് വകമാറി ചെലവഴിച്ചത് സംബന്ധിച്ച് തൃപ്തികരമായ മറുപടി നൽകിയില്ല എന്നതുകൂടാതെ കമ്പനിക്ക് വൈദ്യുതി ചാർജ് അടയ്ക്കുന്നതിനു തവണ വ്യവസ്ഥകൾ അനുവദിച്ചെങ്കിലും കമ്പനി കൂടിശ്ശികവരുത്തിയതായി ചർച്ചയിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ചൂണ്ടിക്കാണിച്ചു. ഇലങ്കൽ വൈദ്യുത പദ്ധതി പൂർത്തീകരിക്കുന്നതിനു വസ്തുനിഷ്ഠമായ പഠനം ആവശ്യമാണെന്ന് തീരുമാനിക്കുകയുണ്ടായി. കമ്പനിയുടെ ബാധ്യത ബാങ്കുകാരുടെ എൻ.പി.എ.യിൽ ഉൾപ്പെടുത്തിയതിനാൽ പുതിയ ഫണ്ട് നൽകുവാൻ കഴിയില്ലെന്ന് ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളിലും അറിയിച്ചു. ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് 8-2-2001 -ൽ വ്യവസായ വകുപ്പുമന്ത്രി ഒരു യോഗംകൂടി വിളിച്ചു കൂട്ടുകയും യോഗത്തിൽ മുഖ്യമന്ത്രി താഴെപ്പറയുന്ന തീരുമാനം എടുക്കുകയുമുണ്ടായി.

1. ഐ.സി.ഡി.ഐ., ഐ.ആർ.ഇ.ഡി.എ., കാനറാബാങ്ക്, കെ.എസ്.ഐ.ഡി.സി. എന്നിവരുമായി കമ്പനി സഹകരിച്ച് ഇലങ്കൽ പദ്ധതിപ്രകാരം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് ഫാക്ടറിയുടെ ഒരു ഫർണ്ണസ് പ്രവർത്തിപ്പിക്കേണ്ടതിന്റെ പ്രായോഗികത പരിശോധിക്കേണ്ടതും മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.ക്ക് നൽകാവുന്നതുമാകുന്നു. ഇപ്രകാരം വൈദ്യുതിക്ക് ലഭിക്കുന്ന പണം കെ.എസ്.ഇ.ബി., കെ.എസ്.ഐ.ഡി.സി.ക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും വീതിച്ചുനൽകണം.

LIBRARY ARCHIVES Kerala Legislative Assembly

2. മേൽപ്രകാരം നടപടികളുടെ പ്രായോഗികത സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയതിനുശേഷം വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ വൈദ്യുതി ബോർഡ് അധികൃതരുമായി ചർച്ച നടത്തേണ്ടതാണ്.

3. ഇലങ്കൽ പദ്ധതി കമ്പനിയുടെ സ്വന്തം ഫണ്ട് ഉപയോഗിച്ച് രണ്ട് മാസത്തിനകം പൂർത്തീകരിക്കണം. തൊഴിലാളികളെ സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിനു മുൻപ് പരിഹരിക്കേണ്ടതാണ്. അത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. സർക്കാർ ഫാക്ടറി ഏറ്റെടുക്കണമെന്ന ആവശ്യം ഇന്നത്തെ സാമ്പത്തിക പരിതസ്ഥിതിയിൽ പരിഗണിക്കുവാൻ നിർവാഹമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എ കണാരൻ.....

(34) അംഗൻവാടി സൂപ്പർവൈസർമാരുടെ നിയമനം

ശ്രീ. എ. കണാരൻ : സർ, 1975-ലാണ് ഈ സംസ്ഥാനത്ത് ശിശുപ്രവർത്തനങ്ങൾക്കായി അംഗൻവാടികൾ ആരംഭിച്ചത്. ആകെ 24,886 അംഗൻവാടി സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇത്രയും എണ്ണത്തിനു അനുമതി നൽകിയിട്ടുണ്ടെങ്കിലും 20,034 എണ്ണത്തിന്റെ പ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളത്. 25,000 അംഗൻവാടി സൂപ്പർവൈസർമാരെ തെരഞ്ഞെടുക്കുന്നതിന് 1993-ലെ പി.എസ്.സി. വിജ്ഞാപനപ്രകാരം എഴുത്തുപരീക്ഷ നടത്തി യോഗ്യരായ 997 പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് ഒന്നരവർഷം കഴിഞ്ഞെങ്കിലും വളരെ കുറച്ചുപേരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. 1993 മുതൽ തുടങ്ങിയ പി.എസ്.സി.യുടെ നടപടിക്രമപ്രക്രിയ റാങ്ക് ലിസ്റ്റിൽ എത്തിയതിനുതന്നെ ആറുവർഷത്തോളം വേണ്ടിവന്നു. ഇപ്പോൾ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭിക്കുന്നില്ല എന്നതാണ് അവസ്ഥ. 15 അംഗൻവാടിക്ക് ഒരു സൂപ്പർവൈസർ എന്ന ക്രമത്തിൽ നിശ്ചയിക്കപ്പെട്ടാൽ റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകുവാൻ കഴിയും. ജോലിക്കുവേണ്ടി കാത്തിരിക്കുന്നവരിൽ പലരും പ്രായാധിക്യംകൊണ്ട് ഇനിയൊരു പി.എസ്.സി. പരീക്ഷ എഴുതുവാൻ കഴിയാത്തവരാണ്. നല്ലൊരു വിഭാഗം സ്ത്രീകൾ ഇക്കാരണത്താൽ വിഷമത അനുഭവിക്കുകയാണ്. ഇരുപതും ഇരുപത്തിയഞ്ചും വർഷമായി തുച്ഛമായ വരുമാനത്തിന് അംഗൻവാടികളിൽ ജോലിചെയ്യുന്നവരെ സഹായിക്കുവാൻ നടപടി സ്വീകരിക്കണം. ഈ വസ്തുത കണക്കിലെടുത്ത് പി. എസ്.സി. റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും അംഗൻവാടി സൂപ്പർവൈസറായി നിയമനം നൽകുന്നതിന് അടിയന്തിരമായി തീരുമാനം കൈക്കൊള്ളണമെന്നും സ്ത്രീ സമൂഹത്തോട് മാന്യത പുലർത്തണമെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly